"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/എ5-1993/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 28-3-2017

# സർക്കുലർ

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - സബല - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) കേന്ദ്ര സർക്കാരിന്റെ 2010 ഡിസംബറിലെ ഇംപ്ലിമെന്റേഷൻ ഗൈഡ് ലൈൻസ്.
2) സർക്കാർ ഉത്തരവ് നമ്പർ GO(Rt) No. 133/2011/SWD dtd: 18-3-2011.
3) സാമൂഹ്യനീതി ഡയറക്ടറുടെ 17-8-2011-ലെ ICDS/A5-18896/11 നമ്പർ സർക്കുലർ.

സബല പദ്ധതി 2010-11 വർഷം ആരംഭിക്കുകയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ഈ കാര്യാലയത്തിൽ നിന്നും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഈ പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിന് സംസ്ഥാനം, ജില്ല, ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവ് ആയിട്ടുള്ളതാണ്. ഈ പദ്ധതികളുടെ നടത്തിപ്പും മോണിറ്ററിംഗും യഥാസമയം നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. കൂടാതെ NFHS 4 കണക്കുകൾ പ്രകാരം കേരളത്തിൽ 15-19 വയസ്സു പ്രായമുള്ള പെൺകുട്ടികളിൽ 26.4% പേർക്ക് വിളർച്ചയും 13.5% പേർക്ക് ഗുരുതരമായ തൂക്കക്കുറവുമുണ്ട്. കൗമാരപ്രായക്കാരായ പെൺകുട്ടികളിൽ കാണുന്ന ഈ ന്യൂനപോഷണലക്ഷണങ്ങൾ ഭാവിയിൽ ഗൗരവതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നവയാണ്. വിളർച്ചയും തൂക്കക്കുറവുമുള്ള പെൺകുട്ടികളിൽ ആർത്തവ സംബന്ധമായ പ്രശ്നങ്ങൾ, ഭാവിയിൽ ഗർഭം ധരിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ, ക്ഷീണം,



PDF processed with CutePDF evaluation edition www.CutePDF.com

ഉന്മേഷക്കുറവ്, ഇടയ്ക്കിടയ്ക്ക് രോഗങ്ങൾ വരുവാനുള്ള സാധ്യത എന്നിവ കാണപ്പെടുന്നു. ഇത്തരം പെൺകുട്ടികൾ മാസം തികയാതെ പ്രസവിക്കുന്നതും തീരെ ഭാരക്കുറവുള്ള കുട്ടികളെ പ്രസവിക്കുന്നതും ശരാശരിയിലും കൂടുതലാണ്. അമ്മയിലെ ന്യൂനപോഷണം മാതൃമരണത്തിലേയ്ക്കും രോഗാതുരതയിലേയ്ക്കും നയിക്കാനുള്ള സാധ്യതയുണ്ട്. മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത്, കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ പോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ ശാക്തീകരണത്തിനുമായി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സബല മെച്ചപ്പെട്ട രീതിയിൽ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതുണ്ട്. സബല പദ്ധതി നടത്തിപ്പും ആയതിന്റെ മോണിറ്ററിംഗും കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിലേയ്ക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I) ഗുണഭോക്താക്കളുടെരജിസ്ട്രേഷൻ

a) അങ്കണവാടി പ്രദേശത്തുള്ള 11 മുതൽ 18 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികളെല്ലാം സബല പദ്ധതിയുടെ ഭാഗമായിരിക്കും. ഓരോ അങ്കണവാടിയിലും ഈ പെൺകുട്ടികളുടെ പ്രത്യേക Register സൂക്ഷിക്കേണ്ടതാണ്. വാർഷിക സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള 11-18 വയസ്സുവരെ പ്രായമുള്ളള എല്ലാ പെൺകുട്ടികളുടേയും വിവരങ്ങൾ (ആധാർ നമ്പർ സഹിതം) ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

b) സബല ഗുണഭോക്താക്കളുടെ എണ്ണവും, കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട ഗോതമ്പിന്റെ അളവും ശിശു വികസന പദ്ധതി ഓഫീസർമാർ, പ്രോഗ്രാം ഓഫീസർമാർ കൃത്യമായി ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. തെറ്റായി റിപ്പോർട്ട് ചെയ്യുന്ന പക്ഷം ഇതുമൂലം സർക്കാരിന് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് അതാത് ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും.

II) SNP ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പും SNP വിതരണവും.

a) സബല പദ്ധതി മാർഗ്ഗരേഖ പ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് SNP നൽകേണ്ടതാണ്.

b) ദിവസം 600കലോറിയും 18-20പ്രോട്ടീനും ലഭിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ മാസത്തിൽ രണ്ടു പ്രാവശ്യമായി 25 ദിവസത്തേയ്ക്ക് THR ആയി നൽകേണ്ടതാണ്

c) ഗുണഭോക്താവ് SNP നേരിട്ട് കൈപ്പറ്റേണ്ടതും സബല THR Register-ൽ ഒപ്പു വയ്ക്കേണ്ടതുമാണ്.

d) 18.5-ൽ കുറവ് BMIയുള്ള എല്ലാ ഗുണഭോക്താക്കളേയും SNP വിതരണത്തിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.SC/ST ഗുണഭോക്താക്കൾ, ക്ലേശഘടക ങ്ങളായുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾ, ഭിന്നശേഷിയുള്ള പെൺകുട്ടികൾ എന്നിവർ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

e) സബല SNP ഗുണഭോകതാക്കൾ അതാത് അങ്കണവാടിയിലെ കിശോരി സമൂഹിൽ അംഗങ്ങളാകേണ്ടതും കിശോരി സമൂഹ് മീറ്റിംഗുകളിൽ നിർബന്ധമായി പങ്കെടുക്കേണ്ടതുമാണ്. അങ്കണവാടി വർക്കർ ഇവരുടെ തൂക്കം, BMI തുടങ്ങിയവ പരിശോധിക്കേണ്ടതും ഇതു സംബന്ധിച്ച് രേഖപ്പെടുത്തലുകൾ സബല രജിസ്റ്ററിൽ വരുത്തേണ്ടതുമാണ്.

f) കേന്ദ്ര സർക്കാരിൽ നിന്നും subsidyയോടുകൂടി ലഭിക്കുന്ന ഗോതമ്പ് ഒരു ഗുണ ഭോക്താവിന് 4x3=12 കിലോ എന്ന കണക്കിൽ 3 മാസത്തിലൊരിക്കൽ നൽകേണ്ടതാണ്. സബല ഗുണഭോക്താക്കളുടെ ലിസ്റ്റ് ALMSC അംഗീക രിക്കുകയും ഭക്ഷ്യ വിതരണം ALMSCയുടെയും സൂപ്പർവൈസറുടേയും സാന്നിദ്ധ്യത്തിൽ നടത്തുകയും വേണം.

g) കേന്ദ്ര സർക്കാർ നൽകുന്ന ഗോതമ്പ് ലഭിക്കുന്ന കാലയളവിൽ അങ്കണവാടിയിൽ നിന്നും നൽകുന്ന THR-ൽ ആവശ്യമായ കുറവ് വരുത്തേണ്ടതാണ്.

h) ഗുണഭോക്താവിന് അർഹതപ്പെട്ട SNP മുഴുവനും ലഭിക്കുന്നുണ്ടെന്ന് സൂപ്പർ വൈസറും ശിശു വികസന പദ്ധതി ഓഫീസറും ഉറപ്പാക്കേണ്ടതാണ്.

i) ഗുണഭോക്താക്കൾക്ക് അർഹമായ ഭക്ഷണത്തിന്റെ അളവുകൾ അങ്കണവാടിയിൽ എഴുതി പ്രദർശിപ്പിച്ചിരിക്കണം.

III) <u>School dropout</u>

a) 11 മുതൽ 18 വയസ്സുവരെ പ്രായമുള്ളള പെൺകുട്ടികളിൽ സ്ക്കൂളിൽ നിന്നും കൊഴിഞ്ഞുപോയവരെ സംബന്ധിച്ച ലിസ്റ്റ് എല്ലാ അങ്കണവാടികളിൽ നിന്നും ശിശു വികസന പദ്ധതി ഓഫീസർമാർ ശേഖരിച്ച് ആയതിന്റെ consolidated list soft copy ആയി പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതും ജില്ലാതല consolidation (soft copy) പ്രോഗ്രാം ഓഫീസർമാർ ഡയറക്ടറേറ്റിൽ നൽകേണ്ടതുമാണ്.

b) സ്ക്കൂളിൽ നിന്നും കൊഴിഞ്ഞുപോയ പെൺകുട്ടികളെ തിരികെ സ്ക്കൂളിലെത്തിക്കാ നുള്ള ശ്രമങ്ങൾ വർക്കർ, സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ

എന്നിവർ നടത്തേണ്ടതും തിരികെ സ്ക്കൂളിലെത്തിച്ച കുട്ടികളെ സംബന്ധിച്ച് കണക്ക് ലഭ്യമാക്കേണ്ടതുമാണ്.

IV) Monitoring and reporting

A) സബല ഗുണഭോക്താക്കളുടെ ആരോഗ്യ നില സംബന്ധിച്ച വിവരങ്ങൾ അങ്കണവാടിതലത്തിൽ ശേഖരിക്കേണ്ടതും SNP ഗുണഭോക്താക്കളുടെ ആരോഗ്യനില സംബന്ധിച്ച വിവരങ്ങൾ നിശ്ചിത പ്രോഫോർമയിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

b) സബല monitoring കാര്യക്ഷമമാക്കുവാനായി സൂപ്പർവൈസർമാർ മാസത്തിൽ 4 കിശോരി ക്ലബ് മീറ്റിംഗിൽ പങ്കെടുക്കുകയും 10 ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിക്കുകയും വേണം. CDPO മാസത്തിൽ 2 കിശോരി ക്ലബ് മീറ്റിംഗിൽ പങ്കെടുക്കുകയും 6 ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് സബല പദ്ധതിയുടെ സേവനങ്ങൾ ഇവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. പ്രോഗ്രാം ഓഫീസർമാർ അങ്കണവാടി സന്ദർശനവേളയിൽ മാസത്തിൽ 5 ഗുണഭോക്താക്കളെ നേരിൽ കണ്ട് സേവനങ്ങൾ ശരിയായ രീതിയിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നിവരുടെ ഭവന സന്ദർശനം സംബന്ധിച്ച്. ഒരു സമാഹൃത റിപ്പോർട്ട് ജൂലായ്, ഒക്ടോബർ, ജനുവരി, ഏപ്രിൽ എന്നീ മാസങ്ങളിൽ 10-ാം തീയതിയ്ക്ക് മുൻപ് സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

C) സബല QPRനൊപ്പം physical achievement സംബന്ധിച്ച നിശ്ചിത performa-യിലുള്ള reportഉം quaterly ആയി എല്ലാ CDPO-മാരും പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതാണ്. ഈ റിപ്പോർട്ടുകളുടെ consolidation പ്രോഗ്രാം ഓഫീസർമാർ QPR-നൊപ്പം നൽകേണ്ടതാണ്.

d) സർക്കാർ ഉത്തരവ് No. 133/2011/SWD തീയതി 18-3-11 പ്രകാരം (ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു). രൂപീകരിച്ചിട്ടുള്ള പഞ്ചായത്ത്,ബ്ലോക്ക് ജില്ലാതലത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി കൂടി പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുന്നതിന് മേൽ 5 നമ്പർ ഖണ്ഡികയിൽ നിർദ്ദേശിച്ചിരിക്കുന്ന റിപ്പോർട്ടിനൊപ്പം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൂടി എടുത്ത പ്രധാനപ്പെട്ട തീരുമാനങ്ങൾ അടക്കം പ്രോഗ്രാം ഓഫീസർമാർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

V) Non Nutrition activities

സബല പദ്ധതിയിലെ Non Nutrition activities നടത്തുന്നതിലേയ്ക്ക് CDPO മാർ ബ്ലോക്കിൽ "കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സമഗ്ര വികസന"ത്തിനായി പ്രോജക്ട് വയ്ക്കേണ്ടതാണ്. ഈ പ്രോജക്ടിൽ സബല കിറ്റ്, ആരോഗ്യ പരിശോധന (മൂന്ന് മാസത്തിലൊരിക്കൽ), കിശോരി ദിവസ് ആചരണം തുടങ്ങിയ ഘടകങ്ങളെല്ലാം ഉൾപ്പെടുത്തേണ്ടതാണ്.

സബല പദ്ധതി നടപ്പാക്കുന്ന ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാർ ഐസിഡിഎസ്. പദ്ധതിയുടെ പ്രതിമാസ അവലോകന യോഗത്തിൽ ടി പദ്ധതിയുടെ പുരോഗതി, നടത്തിപ്പ്,മോണിറ്ററിംങ് എന്നിവ പ്രത്യേകം അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. 2017 ഏപ്രിൽ മാസത്തെ അവലോകനയോഗത്തിൽ തന്നെ ഈ മാർഗ്ഗ നിർദ്ദേശങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

Copy to :

1) പ്രോഗ്രാം ഓഫീസർ,
   (പാലക്കാട്,മലപ്പുറം,ഇടുക്കി, കൊല്ലം).
2) ശിശു വികസന പദ്ധതി ഓഫീസർ,
   (പാലക്കാട്,മലപ്പുറം,ഇടുക്കി, കൊല്ലം).
3) സ്റ്റോക്ക് ഫയൽ

ജികെ/ 29-3-16

രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോൾസെന്റ് ഗേൾസ് - സബല
പാദവാർഷിക ഭൗതീകനേട്ടം - വിലയിരുത്തൽ

ജില്ല : ..............................................................

പാദവർഷം: I/II/III/IV

| ക്രമ നം | പ്രോജക്ടിന്റെ പേര് | പഞ്ചായത്തിന്റെ പേര് | അങ്കണവാടികളുടെ എണ്ണം | കിശോരി സമൂഹ്കളുടെ എണ്ണം | കിശോരി സമൂഹിലെ അംഗങ്ങളുടെ എണ്ണം | സബല ഗുണഭോക്താക്കൾ | | | I/II/III/IV പാദവർഷത്തിൽ നടത്തിയ മീറ്റിംഗുകൾ | മീറ്റിംഗിൽ പങ്കെടുത്ത കുട്ടികൾ | SABLA SNP ഗുണഭോക്താക്കൾ | | | SABLA SNP ഗുണഭോക്താക്കളിൽ | | | School dropouts ആയിട്ടുള്ള പെൺകുട്ടികളുടെ എണ്ണം | | | ഇവരിൽ എത്ര പേരെ തിരികെ സ്കൂളിൽ എത്തിക്കാൻ സാധിച്ചു | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | 11-14 പ്രായപരിധിയിലുള്ളവർ | 11-14 പ്രായപരിധിയിലുള്ളവർ | ആകെ | | | 11-14 പ്രായപരിധിയിലുള്ളവർ | 11-14 പ്രായപരിധിയിലുള്ളവർ | ആകെ | തൂക്കം വർദ്ധിച്ചവർ | BMI മെച്ചപ്പെട്ടവർ | Hb count മെച്ചപ്പെട്ടവർ | 11-14 പ്രായപരിധിയിലുള്ളവർ | 11-14 പ്രായപരിധിയിലുള്ളവർ | ആകെ | 11-14 പ്രായപരിധിയിലുള്ളവർ | 11-14 പ്രായപരിധിയിലുള്ളവർ | ആകെ |
| 1 | | | | | | | | | | | | | | | | | | | | | | |
| 2 | | | | | | | | | | | | | | | | | | | | | | |
| 3 | | | | | | | | | | | | | | | | | | | | | | |
| 4 | | | | | | | | | | | | | | | | | | | | | | |
| 5 | | | | | | | | | | | | | | | | | | | | | | |
| 6 | | | | | | | | | | | | | | | | | | | | | | |
| 7 | | | | | | | | | | | | | | | | | | | | | | |
| 8 | | | | | | | | | | | | | | | | | | | | | | |
| 9 | | | | | | | | | | | | | | | | | | | | | | |
| 10 | | | | | | | | | | | | | | | | | | | | | | |
| | | ആകെ | | | | | | | | | | | | | | | | | | | | |

പ്രോഗ്രാം ഓഫീസർ

11930

GOVERNMENT OF KERALA

Abstract

Social Welfare Department - ICDS - Rajiv Gandhi Scheme for Empowerment of Adolescent Girls - SABLA - Constitution of Monitoring and Supervisory Committees - Sanction Accorded - Orders issued.

---

**SOCIAL WELFARE (B) DEPARTMENT**

GO(Rt) No.133/2011/SWD Dated, Thiruvananthapuram,18.03.2011.

---

Read: 1) G.O.(Rt) No.523/2010/SWD dated 6.12.2010.
2) Letter No.ICDS/A5-56154/2009 dated 22.01.2011 from the Director of Social Welfare, Thiruvananthapuram.

**ORDER**

Government as letter, G.O. read as 1st paper above have accorded administrative sanction for implementing the newly introduced scheme called Rajiv Gandhi Scheme for Empowerment of Adolescent Girls - SABLA in the districts selected by Government of India during the current financial year. The Director, Social Welfare as per letter read as 2nd paper above has requested to constitute State, District, Projects and Panchayat level Monitoring Committees in order to ensure effective implementation and monitoring of the scheme.

Government have examined the matter in detail and are pleased to constitute the State, District, Project and Panchayat level Monitoring and Supervisory Committees comprising of the following members for monitoring the implementation of the SABLA Scheme..

**State Level Monitoring Committee**

| | | |
|---|---|---|
| Minister in charge of Social Welfare | - | Chairperson |
| Secretary, Planning & Economic Affairs | - | Member |
| Secretary, Finance | - | Member |
| Secretary, Health & Family Welfare | - | Member |
| Secretary, Local Self Government | - | Member |
| Secretary, Sports & Youth Affairs | - | Member |
| Secretary, Labour & Rehabilitation | - | Member |
| Secretary, General Education | - | Member |
| 5 Members of Parliament and 5 MLAs of the area | - | Members |
| Experts/NGOs/CBOs (2 from each categories) | - | Members |
| Secretary, Social Welfare | - | Member Secretary. |

**District Level Monitoring Committee**

| | | |
|---|---|---|
| District Panchayat President | - | Chairperson |
| District Social Welfare Officer | - | Member |
| Secretary, Jilla Panchyat | - | Member |
| All Block Panchayat Presidents | - | Members |
| District Medical Officer (Health) | - | Member |
| District Labour Officer | - | Member |
| Experts/NGOs (2 ) nominated by Government | - | Members |
| Deputy Director of Education | - | Member |
| 5 CDPOs nominated by Programme Officer | - | Member |
| District Programme Officer | - | Member Secretary |

**Project Level Monitoring and Supervisory Committee**

| | | |
|---|---|---|
| Block Panchayat President | - | Chairperson |
| Secretary, Block Panchayat | - | Member |
| Medical Officer, PHC | - | Member |
| District Educational Officer | - | Member |
| Assistant Engineer, Water Authority | - | Member |
| Industries Extension Officer (IEO) | - | Member |
| NGO representatives/Academic Institution representatives (2) nominated by Programme Officer | - | Members |
| CDPO (Additional ICDS Project) | - | Member |
| CDPO (Block Head Quarters) | - | Member Secretary |

**Panchayat Level Monitoring and Supervisory Committee**

| | | |
|---|---|---|
| Grama Panchayat President | - | Chairperson |
| All JPHN | - | Members |
| President, CDS, Kudumbashree | - | Member |
| One representative from AWW nominated by Supervisors | - | Member |
| One representative from AWH nominated by Supervisors | - | Member |
| 5 representatives from Women Organisations (nominated) | - | Member |
| Supervisor | - | Member Secretary |

The Committee shall meet at fixed interval and monitor the implementation o the Rajiv Gandhi Scheme for Empowerment of Adolescent Girls - SABLA Scheme.

By order of the Governor,

**B.S. MAVOJI,**
Secretary to Government.

To

Secretary, Planning & Economic Affairs.
Secretary, Finance.
Secretary, Health & Family Welfare.
Secretary, Local Self Government.
Secretary, Sports & Youth Affairs.
Secretary, Labour & Rehabilitation.
The Director of Social Welfare, Thiruvananthapuram.
Committee Members (through Director of Social Welfare)
The Principal Accountant General (Audit), Kerala Thiruvananthapuram.
The Accountant General (A&E), Kerala Thiruvananthapuram.
The Accountant General (DB Cell), Kerala Thiruvananthapuram.
Finance Department.
Stock file, O.C.

Copy to: P.S to Minister (Health & Social Welfare)
P.A. to Secretary (Social Welfare)

Forwarded/By order

Section Officer